# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: **137**

16-03-2015ൽ മറുപടിയ്ക്ക്

## നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

| **ചോദ്യം** | **മറുപടി** |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ. എം.ചന്ദ്രൻ<br>" കെ.ദാസൻ<br>" ആർ.രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നെൽകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്.<br>നെൽകർഷകർക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കൃഷി വകുപ്പ് വിവിധയിനം നെൽകൃഷി വികസന പദ്ധതികൾ, നെല്ല് സംഭരണം ഉൾപ്പെടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിനും പുറമെ കോൾമേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രാദേശിക അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്. കൂടാതെ ആലപ്പുഴ, എറണാകുളം, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ, എന്നീ ജില്ലകളിൽ നെൽകൃഷി വികസന ഏജൻസികളും പ്രവർത്തിച്ചു വരുന്നു. |
| (ബി) നെല്ലിന്റെ വിലയായി ഇപ്പോൾ എന്ത് തുകയാണ് നിശ്ചയിച്ചിരിക്കുന്നത്; ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത വില തൃപ്തികരമാണോ; | (ബി) നെല്ല് സംഭരണം കിലോയ്ക്ക് 19 രൂപ നിരക്കിലാണ് നൽകുന്നത്. കേന്ദ്രസർക്കാർ അനുവദിക്കുന്ന എം.സ്.പി ആയ 13.60 രൂപയ്ക്കു പുറമേ സംസ്ഥാന സർക്കാർ ഇൻസെന്റീവ് ആയി നൽകുന്ന 5.40 രൂപയും ചേർത്ത് ഒരു കിലോഗ്രാം നെല്ലിന് 19 രൂപ നൽകിയാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. ഇത് രാജ്യത്തെ നെല്ലിന് നൽകുന്ന ഏറ്റവും ഉയർന്ന വിലയാണ്. |
| (സി) നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് | (സി) 2014-15 സീസണിൽ ഇതുവരെ സംഭരിച്ച നെല്ലിന്റെ വിലയിൽ ഫെബ്രുവരി 15 വരെ |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; നെല്ല് സംഭരിച്ച ഇനത്തിൽ കുടിശ്ശിക എത്ര; യഥാസമയം കർഷകർക്ക് നെല്ലുവില ലഭ്യമാക്കുന്നതിനു വേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; | | സംഭരിച്ച മുഴുവൻ നെല്ലിന്റെ വിലയും യഥാസമയം നൽകിയിട്ടുണ്ട്. ഫെബ്രുവരി 15 ന് ശേഷം സംഭരിച്ച നെല്ലിന്റെ വിലയായ 98.17 കോടി രൂപയാണ് ഇനി നൽകേണ്ടത്. ടി തുക PRS(പാഡി റസീപ്റ്റ് ഷീറ്റ്) ലഭിക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ നടത്തി വില കർഷകരുടെ അക്കൗണ്ടി ലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാറിന്റെ ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് കർഷകർക്ക് നെല്ല് വില നൽകുന്നത്. എന്നാൽ ചിലപ്പോഴൊക്കെ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം വരുന്നതുമൂലം കർഷകർക്ക് നെല്ല് വില നൽകുവാൻ ചെറിയ കാലതാമസം ഉണ്ടാകാറുണ്ട്. ഇത് ഒഴിവാക്കുന്നതിനായി ഒരു റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് പരിശോധിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | നെൽകൃഷി മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നതിനായും നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷിവകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**<u>സുസ്ഥിര നെൽകൃഷി വികസനം :</u>**<br>നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉൽപ്പാദനചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2014-2015 വർഷം 8100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി 180000 ഹെക്ടറിൽ, ഒരു ഹെക്ടറിന് 4500 രൂപ സബ്സിഡി നിരക്കിൽ നടപ്പിലാക്കിവരുന്നു.<br>**<u>വികസന ഏജൻസികൾക്കുള്ള ഫണ്ട്:</u>**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>**<u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം :</u>**<br>ആകെ 7 ജില്ലകളിലായി പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000 |

രൂപ സബ്സിഡി നൽകി 2000 ഹെക്ടർ സ്ഥലത്ത് 200 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

**പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായവും അടിസ്ഥാന സൗകര്യ വികസനവും:**

ഗ്രൂപ്പ് ഫാമിങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനും മോഡൽ പാട ശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 302 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

**തരിശുനില നെൽകൃഷിവികസനം:**

തരിശു നില നെൽകൃഷി നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ 1550 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ 178.25 ലക്ഷം രൂപയും പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കുട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 257.14 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 77.14 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ( ആകെ 255.39 ലക്ഷം രൂപ തരിശു നെൽകൃഷി വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്) ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയനുസരിച്ച് 315.07 ലക്ഷം രൂപയുടെ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. നെൽ കർഷകർക്ക് ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസന പദ്ധതിയിൽ 696.5 ഹെക്ടർ പൊക്കാളി നെൽകൃഷി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്നതിനായി 69.65 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ